"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ-കോവിഡ് പ്രതിരോധത്തിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് സംഭാവനയായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.929/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/04/2021

---

പരാമർശം:- 30.10.2004ലെ സ.ഉ.(സാധാ)നം.3803/04/ത.സ്വ.ഭ.വ

കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിലോ കോ-ഓപ്പറേറ്റീവ് ബാങ്കിലോ അക്കൌണ്ട് ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 5(4) ൽ ദുരിതാശ്വാസത്തിനായി ലഭിക്കുന്ന തുകയ്ക്ക് നൽകുന്ന രസീത്,കാഷ് ബുക്ക് ഇവയുടെ മാതൃക,കണക്കുകൾ സൂക്ഷിക്കേണ്ട രീതി എന്നിവ സർക്കാർ അതാതു സമയം നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുകയും അതിൻ പ്രകാരം അവയുടെ മാതൃകകൾ അംഗീകരിച്ച് മേൽ പരാമർശ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് ആരംഭിച്ച് ഈ ആവശ്യത്തിനു മാത്രമായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. സൂചന സർക്കാർ ഉത്തരവ് പ്രകാരമുള്ള രസീത്, ക്യാഷ് ബുക്ക്, വൗച്ചർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ജോയിന്റ് ഡയറക്ടർ(എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പകർപ്പ് എത്തിക്കുന്നതിനായി )

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും(എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പകർപ്പ് എത്തിക്കുന്നതിനായി)

വെബ്ബ് & ന്യൂ മീഡിയ

ഇൻഫർമേഷൻ കേരളാ മിഷൻ

ഉത്തരവിൻ പ്രകാരം

Banikumar

സെക്ഷൻ ഓഫീസർ